186.

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1871—ലെ പെൻഷൻ ആക്റ്റ്

## (1871-ലെ 23-ാം ആക്റ്റ്)

(1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

**The Pensions Act 1871**

**(Act No. 23 of 1871)**

(As on 1st May, 1986)

©

വില : 7-30

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1986

# ആമുഖം

1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1871-ലെ പെൻഷൻ ആക്റ്റിന്റെ (1871-ലെ 23-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1986 ജൂലായ് 28-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി ഒന്നു മുതൽ അഞ്ചു വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ പ്രാധികൃത തർജ്ജമകൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
28-7-1986.

സി. രാമൻ മേനോൻ,
ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി.

# PREFACE

This Edition of the Pensions Act, 1871 (Act 23 of 1871) as on 1st May, 1986, contains the authorised translation of that Act in Malayalam and the same was published in the Gazette of India Extroa-rdinary Part XI Section 1, No. 1 Vol. 1 dated 28th July 1986 on page 1. to 5.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authorised Translations (Central Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

New Delhi,
28-7-1986.

C. RAMAN MENON,
*Additional Secretary to the Government of India.*

# 1871-ലെ പെൻഷൻ ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ പേജ്

### I. പ്രാരംഭികം


| | | |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും | 1 |
| 2. | [റദ്ദാക്കപ്പെട്ടിരിക്കുന്നു] | 1 |
| 3. | വ്യാഖ്യാന വകുപ്പ് | 1 |
| 3ക. | നിർവ്വചനം | 1 |


### II. പെൻഷനുള്ള അവകാശങ്ങൾ


| | | |
|---|---|---|
| 4. | പെൻഷൻ സംബന്ധിച്ച വ്യവഹാരത്തിനു തടസ്സം | 1 |
| 5. | തേർച്ച ചെയ്യേണ്ടത് കളക്ടറോടോ, ഡെപ്യൂട്ടി കമ്മീഷണറോടോ, അധികാരപ്പെടുത്തിയ മററ് ഉദ്യോഗസ്ഥനോടോ ആണെന്ന് | 2 |
| 6. | തേർച്ചകൾ വിചാരണയ്ക്ക് എടുക്കുന്നതിന് സിവിൽ കോടതിയെ അധികാരപ്പെടുത്തിയിരിക്കുന്നുവെന്ന് | 2 |
| 7. | ശാശ്വത ഗ്രാൻറായി കൈവശം വച്ചിരിക്കുന്ന ഭൂമികൾക്കുള്ള പെൻഷൻ | 2 |


### III. പണം കൊടുക്കുന്ന രീതി


| | | |
|---|---|---|
| 8. | കളക്ടർ, ഡെപ്യൂട്ടി കമ്മീഷണർ അഥവാ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പണം കൊടുക്കണമെന്ന് | 2 |
| 9. | ഭൂമിക്കരം വസൂൽ ചെയ്യുന്നതു സംബന്ധിച്ച അവകാശങ്ങൾ സംരക്ഷിക്കൽ | 2 |
| 10. | പെൻഷൻെറ സംരാശീകരണം | 2 |


### IV. പലവക


| | | |
|---|---|---|
| 11. | പെൻഷനെ ജപ്തിയിൽനിന്നും ഒഴിവാക്കൽ | 3 |
| 12. | പെൻഷൻ പ്രതീക്ഷിച്ചുള്ള തിരിച്ചുവക്കലും മററും അസാധുവാണെന്ന് | 3 |
| 12ക. | പെൻഷൻ കണക്കുപ്രകാരം കിട്ടാനുള്ള പണം സ്വീകരിക്കാൻ പെൻഷൻകാരൻ നാമനിർദ്ദേശം ചെയ്യൽ | 3 |
| 13. | അറിവ് നൽകുന്നവർക്ക് പ്രതിഫലം | 4 |
| 14. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 4 |
| 15. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരങ്ങൾ | 4 |
| 16. | ചട്ടങ്ങൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന് | 5 |

പട്ടിക [റദ്ദാക്കപ്പെട്ടിരിക്കുന്നു]

# 1871–ലെ പെൻഷൻ ആക്റ്റ്

## (1871–ലെ 23–ാം ആക്റ്റ്)

[1871; ആഗസ്റ്റ് 8]

പെൻഷനും പണമായോ ഭൂമിക്കരമായോ സർക്കാർ നൽകുന്ന ഗ്രാൻറുകളും സംബന്ധിച്ച നിയമം ഏകീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ഉള്ള ആക്റ്റ്.

പെൻഷനും പണമായോ ഭൂമിക്കരമായോ സർക്കാർ നൽകുന്ന ഗ്രാൻറുകളും സംബന്ധിച്ച നിയമം ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ, താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

### I. പ്രാരംഭികം

ചുരുക്കപ്പേരും വ്യാപ്തിയും.

1. ഈ ആക്റ്റിന് 1871–ലെ പെൻഷൻ ആക്റ്റ് എന്ന് പേർ പറയാവുന്നതാണ്.

ഇതിന് യൂണിയൻ പെൻഷനുകളെ സംബന്ധിച്ചിടത്തോളം ഇൻഡ്യ മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതും മററു പെൻഷനുകളെ സംബന്ധിച്ചിടത്തോളം 1956 നവംബർ 1–നു തൊട്ടുമുൻപ്, ഖ വിഭാഗം സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടിരുന്ന ഭൂപ്രദേശങ്ങൾ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതും ആകുന്നു.

2. [റദ്ദാക്കപ്പെട്ടിരിക്കുന്നു.]

വ്യാഖ്യാനവകുപ്പ്.

3. ഈ ആക്റ്റിൽ, ''പണമായോ ഭൂമിക്കരമായോ ഉള്ള ഗ്രാൻറ്'' എന്ന പ്രയോഗത്തിൽ, ഏതെങ്കിലും അവകാശമോ വിശേഷ അവകാശമോ വിശേഷ ആദായമോ ഉദ്യോഗമോ സംബന്ധിച്ച് സർക്കാരിൻെറ ഭാഗത്തുനിന്നും കൊടുക്കേണ്ടതായ എന്തും ഉൾപ്പെടുന്നതാണ്.

നിർവ്വചനം.

3ക. ''സമുചിത സർക്കാർ'' എന്ന പ്രയോഗത്തിന്, യൂണിയൻ പെൻഷൻ സംബന്ധിച്ച്, കേന്ദ്രസർക്കാർ എന്നും, മററുപെൻഷനുകളെ സംബന്ധിച്ച്, സംസ്ഥാന സർക്കാർ എന്നും അർത്ഥമാകുന്നു.

### II. പെൻഷനുള്ള അവകാശങ്ങൾ

പെൻഷൻ സംബന്ധിച്ച വ്യവഹാരത്തിനു തടസ്സം.

4. ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒഴികെ, സർക്കാരോ ഏതെങ്കിലും മുൻ സർക്കാരോ നല്കിയതോ അനുവദിച്ചതോ ആയ പെൻഷനോ, പണമായോ ഭൂമിക്കരമായോ നൽകിയ ഗ്രാൻേറാ, സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും പെൻഷനോ ഗ്രാൻേറാ നല്കിയത് ഏത് പരിഗണനയിൻമേൽ ആയിരുന്നാലും, അങ്ങനെയുള്ള പെൻഷനോ ഗ്രാൻേറാ ഏതു പണം കൊടുക്കലിനോ, തേർച്ചയ്ക്കോ, അവകാശത്തിനോ പകരമായാണോ കൊടുത്തിരുന്നത് ആ പണം കൊടുക്കലിൻേറയും തേർച്ചയുടേയും അവകാശത്തിൻേറയും സ്വഭാവം എന്തു തന്നെ ആയിരുന്നാലും, യാതൊരു സിവിൽ കോടതിയും ഒരു വ്യവഹാരം സ്വീകരിക്കാൻ പാടുള്ളതല്ല.

തേർച്ച ചെയ്യേണ്ടത് കളക്ററോടോ, ഡെപ്യൂട്ടി കമ്മീഷണറോടോ, അധികാരപ്പെടുത്തിയ മററ് ഉദ്യോഗസ്ഥനോടോ ആണെന്ന്.

5. അങ്ങനെയുള്ള ഏതെങ്കിലും പെൻഷനോ ഗ്രാൻേറാ സംബന്ധിച്ച തേർച്ചയുള്ള ഒരാൾക്ക് ജില്ലാ കളക്ററുടേയോ ഡെപ്യൂട്ടി കമ്മീഷണറുടേയോ സമുചിത സർക്കാർ ഇതിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള മററുദ്യോഗസ്ഥൻേറയോ മുമ്പാകെ ആ തേർച്ച ഉന്നയിക്കാവുന്നതും, കളക്ററോ ഡെപ്യൂട്ടി കമ്മീഷണറോ മററുദ്യോഗസ്ഥനോ സമുചിത സർക്കാരിൻേറ സാമാന്യനിയന്ത്രണത്തിനു വിധേയമായി മുഖ്യ റവന്യൂ അധികാരി ഇതിലേയ്ക്ക് അപ്പോഴപ്പോൾ നിർണ്ണയിക്കുന്ന ചട്ടങ്ങൾക്ക് അനുസൃതമായി ആ തേർച്ച തീർപ്പാക്കേണ്ടതും ആകുന്നു.

തേർച്ചകൾ വിചാരണക്ക് എടുക്കുന്നതിന് സിവിൽ കോടതിയെ അധികാരപ്പെടുത്തിയിരിക്കുന്നുവെന്ന്.

6. അങ്ങനെയുള്ള ഒരു തേർച്ച, കളക്ടറിലോ, ഡെപ്യൂട്ടി കമ്മീഷണറിലോ, അല്ലെങ്കിൽ അതിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള മററ് ഉദ്യോഗസ്ഥനിലോ നിന്നും കേസ് അപ്രകാരം വിചാരണയ്ക്ക് എടുക്കാവുന്നതാണ് എന്ന് ഒരു സർട്ടിഫിക്കററ് ലഭിക്കുന്നതിൻമേൽ, വിചാരണ ചെയ്യുന്നതിന് മററുവിധത്തിൽ ക്ഷമതയുള്ള ഒരു സിവിൽക്കോടതി, വിചാരണയ്ക്കെടുക്കേണ്ടതും, എന്നാൽ, മുൻപറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും പെൻഷനോ ഗ്രാൻേറാ നല്കാനുള്ള സർക്കാരിൻേറ ബാദ്ധ്യതയെ നേരിട്ടോ പരോക്ഷമായോ ബാധിക്കുന്ന യാതൊരു വ്യവഹാരത്തിലും ഒരു ഉത്തരവോ വിധിയോ പുറപ്പെടുവിക്കാൻ പാടില്ലാത്തതും ആകുന്നു.

ശാശ്വത ഗ്രാൻറായി കൈവശം വച്ചിരിക്കുന്ന ഭൂമികൾക്കുള്ള പെൻഷൻ.

7. 4–ം 6–ം വകുപ്പുകളിലുള്ള യാതൊന്നും താഴെ പറയുന്നവയ്ക്ക് ബാധകമാകുന്നതല്ല—

(1) 1862–ലെ മദ്രാസ് ആക്ററ് നമ്പർ IV–ൻേറ 1–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള തരം ഏതെങ്കിലും ഇനാം.

(2) ശാശ്വതാവകാശം നല്കുന്നവയായി കരുതാവുന്ന സന്നത്കളിൻകീഴിൽ കൈവശം വച്ചിട്ടുള്ള ഭൂമികൾ സ്വദേശ സർക്കാർ വീണ്ടെടുത്തതുകൊണ്ടുണ്ടായ നഷ്ടത്തിന് പരിഹാരമായി യഥാക്രമം ബംഗാളിലേയും വടക്കുപടിഞ്ഞാറൻ പ്രവിശ്യകളിലേയും ലഫ്ററനൻറ് ഗവർണർമാരുടെ അധീനതയിലുള്ള ഭൂപ്രദേശങ്ങളിലെ സർക്കാർ ഇതിനുമുൻപ് മുഴുവനായോ ഭാഗികമായോ നല്കിയിരുന്ന പെൻഷൻ. അങ്ങനെയുള്ള പെൻഷൻ ലഭിച്ചിരുന്ന ആളിൻേറ മരണശേഷം ആ പെൻഷൻ തിരിച്ചെടുക്കാൻ പാടില്ലാത്തതും എന്നാൽ അങ്ങനെയുള്ള ഏതൊരു പെൻഷനും അന്യാധീനപ്പെടുത്താവുന്നതും പരമ്പരാഗതമായി അനുഭവിക്കാവുന്നതും, മററ് ഏതൊരു വസ്തുവിനേയുംപോലെ വ്യവഹാരപ്പെടുകയും വസൂലാക്കപ്പെടുകയും ചെയ്യാവുന്നതും ആകുന്നു.

## III. പണം കൊടുക്കുന്ന രീതി

കളക്ടർ, ഡെപ്യൂട്ടി കമ്മീഷണർ അഥവാ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പണം കൊടുക്കണമെന്ന്.

8. എല്ലാ പെൻഷനും അഥവാ പണമായോ ഭൂമിക്കരമായോ സർക്കാർ നല്കുന്ന എല്ലാ ഗ്രാൻറും നിയന്ത്രണാധികാരമുള്ള മുഖ്യ റവന്യൂ അധികാരി അപ്പോഴപ്പോൾ നിർണ്ണയിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, കളക്ടറോ ഡെപ്യൂട്ടി കമ്മീഷണറോ, അഥവാ അധികാരപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും ഉദ്യോഗസ്ഥനോ കൊടുക്കേണ്ടതാണ്.

ഭൂമിക്കരം വസൂൽ ചെയ്യുന്നതു സംബന്ധിച്ച അവകാശങ്ങൾ സംരക്ഷിക്കൽ.

9. 4–ം 8–ം വകുപ്പുകളിലുള്ള യാതൊന്നും, സർക്കാർ അങ്ങനെയുള്ള ഗ്രാൻറിന് തേർച്ച അനുവദിച്ച ഒരാൾക്ക് ഭൂമിക്കരം വസൂലാക്കുന്നതിന് തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻ കീഴിൽ ഭൂമിക്കരം കൊടുക്കാൻ ബാദ്ധ്യതയുള്ള ആളുകളിൽനിന്നും അത് വസൂലാക്കുന്നതിനുള്ള അവകാശത്തെ ബാധിക്കുന്നതല്ല.

പെൻഷൻേറ സംരാശീകരണം.

10. സമുചിത സർക്കാരിന്, കൈവശക്കാരൻേറ സമ്മതത്തോടുകൂടി, അയാളുടെ പെൻഷനും പണമായോ ഭൂമിക്കരമായോ ഉള്ള ഗ്രാൻറും, മുഴുവനുമോ അതിൻേറ ഏതെങ്കിലും ഭാഗമോ, യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേൽ, ഒരു മൊത്തത്തുകയായി സംരാശീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

## IV. പലവക

11. രാഷ്ട്രീയ പരിഗണനകളിൻമേലോ, കഴിഞ്ഞ കാല സേവനങ്ങളോ തത്സമയത്തെ ശാരീരികമായ അവശതയോ കണക്കാക്കിയോ, അല്ലെങ്കിൽ ഒരു അനുകമ്പാ ബത്ത ആയോ സർക്കാർ നല്കിയതോ തുടർന്നു പോരുന്നതോ ആയ യാതൊരു പെൻഷനും അങ്ങനെയുള്ള ഏതെങ്കിലും പെൻഷനോ ബത്തയോ ആയി കിട്ടേണ്ടതോ കിട്ടാറായതോ ആയ യാതൊരു പണവും, ഒരു ഉത്തമർണ്ണന്റെ അപേക്ഷയിൻമേൽ ഏതെങ്കിലും കോടതി നടപടി മുഖേന പെൻഷൻകാരനിൽനിന്നും പിരിയാനുള്ള ഏതെങ്കിലും തുക ഈടാക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കോടതിയുടെ വിധിയോ ഉത്തരവോ നടപ്പാക്കുന്നതിനോവേണ്ടി പിടിച്ചെടുക്കാനോ ജപ്തി ചെയ്യാനോ തടഞ്ഞുവയ്ക്കാനോ പാടില്ലാത്തതാണ്. പെൻഷനെ ജപ്തിയിൽ നിന്നും ഒഴിവാക്കൽ.

ഇൻഡ്യയിൽനിന്നും ബർമ്മ വേർപെടുത്തിയതിനുശേഷം, ബർമ്മാ സർക്കാർ നൽകിയതോ തുടർന്നുപോരുന്നതോ ആയ പെൻഷനും കൂടി ഈ വകുപ്പു ബാധകമാണ്.

12. 11–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പെൻഷനോ വേതനത്തിനോ ബത്തയ്ക്കോ അർഹനായുള്ള ആരം, അങ്ങനെയുള്ള ഏതെങ്കിലും പെൻഷനോ വേതനമോ ബത്തയോ സംബന്ധിച്ചോ, അല്ലെങ്കിൽ ഭാവിയിൽ അതു സംബന്ധിച്ച് ഏതെങ്കിലും അവകാശം നല്കുന്നതിനോ കൈമാററം ചെയ്യുന്നതിനോ വേണ്ടിയോ ഉണ്ടാക്കുന്ന എല്ലാത്തരം കൈമാററങ്ങളും കരാറുകളും ഉത്തരവുകളും വിക്രയങ്ങളും ഈടുകളും അത് ഉണ്ടാക്കുന്ന സമയത്തോ അതിനുമുൻപോ കൊടുക്കേണ്ടതല്ലാത്ത ഏത് പണം സംബന്ധിച്ചും അസാധുവും ശൂന്യവും ആയിരിക്കുന്നതാണ്. പെൻഷൻ പ്രതീക്ഷിച്ചുള്ള തീരിച്ചു വെക്കലും മററും അസാധുവാണെന്ന്.

12ക. 12–ാം വകുപ്പിലോ തൽക്കാലം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, — പെൻഷൻകണക്കുപ്രകാരം കിട്ടാനുള്ള പണം സ്വീകരിക്കാൻ പെൻഷൻകാരൻ നാമനിർദ്ദേശം ചെയ്യൽ.

(ക) 11–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പെൻഷൻ (ഇതിനുശേഷം പെൻഷൻകാരൻ എന്നു പരാമർശിക്കപ്പെടുന്ന) ഏതെങ്കിലും വ്യക്തിക്ക് ഭാരത സർക്കാരിൽനിന്നോ ഇൻഡ്യയുടെ സഞ്ചിതനിധിയിൽനിന്നോ കിട്ടേണ്ടതായിട്ടുള്ളപ്പോരം കേന്ദ്രസർക്കാർ ചട്ടങ്ങരം മുഖേന നിർണ്ണയിക്കുന്ന രീതിയിലും വിധത്തിലും അയാളുടെ മരണത്തിനുതൊട്ടു മുമ്പ് പെൻഷൻ കണക്കുപ്രകാരം കൊടുക്കേണ്ടതായിട്ടുള്ളതും അയാരം നാമനിർദ്ദേശം ചെയ്ത തീയതിക്കോ അതിനുശേഷമോ അയാരംക്കു പെൻഷൻ സംബന്ധിച്ച് ലഭിക്കാൻ ബാക്കിയിരിക്കുന്നതുമായ എല്ലാ സംഖ്യകളും അയാളുടെ മരണാനന്തരം സ്വീകരിക്കുന്നതിനായി (ഇതിനുശേഷം നിർദ്ദിഷ്ടനാമാവെന്നു പരാമർശിക്കപ്പെട്ടിട്ടുള്ള) വേറെ ഒരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യാവുന്നതും;

(ഖ) കൊടുക്കുവാൻ ബാക്കിയിരിക്കുന്ന അങ്ങിനെയുള്ള എല്ലാ പണവും മററുള്ള എല്ലാ വ്യക്തികളേയും ഒഴിച്ചുനിർത്തി പെൻഷൻകാരന്റെ മരണത്തിൻമേൽ നിർദ്ദിഷ്ടനാമാവിനു ലഭിക്കാൻ അർഹതയുള്ളതും,

ആകുന്നു:

എന്നാൽ നിർദ്ദിഷ്ടനാമാവ് പെൻഷൻകാരനു മുൻപ് മരിച്ചുപോവുകയാണെങ്കിൽ ആ നാമനിർദ്ദേശം മേൽപ്പറഞ്ഞ നിർദ്ദിഷ്ടനാമാവിന് നൽകിയിട്ടുള്ള എല്ലാ അവകാശങ്ങളേയും സംബന്ധിച്ചിടത്തോളം അസാധുവും പ്രഭാവശൂന്യവും ആയിരിക്കുന്നതുമാകുന്നു:

എന്നു മാത്രമല്ല കേന്ദ്രസർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾക്കനുസൃതമായി അങ്ങനെ കിട്ടാൻ ബാക്കിയായിട്ടുള്ള എല്ലാ സംഖ്യകളും, പെൻഷൻകാരന് മുമ്പ് നിർദ്ദിഷ്ട നാമാവ് മരിച്ചുപോവുകയാണെങ്കിൽ, സ്വീകരിക്കാനുള്ള അവകാശം മറെറാരു വ്യക്തിക്ക് നൽകിക്കൊണ്ട് മുറപ്രകാരം നാമനിർദ്ദേശത്തിൽ വ്യവസ്ഥചെയ്തിരിക്കുമ്പോൾ അങ്ങിനെയുള്ള അവകാശം നിർദ്ദിഷ്ടനാമാവിന്റെ മരണാനന്തരം ആ വ്യക്തിയിലേക്ക് സംക്രമണം ചെയ്യുന്നതുമാകുന്നു.

അറിവ് നൽകുന്നവർക്ക് പ്രതിഫലം.

13. ഏതെങ്കിലും പെൻഷന്റെ ഗുണം അനുഭവിക്കുന്ന ആൾ അത് വഞ്ചനാപൂർവമോ അനുചിതമോ ആയാണ് സ്വീകരിക്കുന്നതെന്ന് സമുചിത സർക്കാരിന് ബോദ്ധ്യമാകത്തക്കവണ്ണം തെളിയിക്കുന്നത് ഏതൊരാളാണോ അയാൾ, ആറുമാസത്തെ അങ്ങനെയുള്ള പെൻഷന്റെ തുകയ്ക്ക് തുല്യമായ ഒരു പ്രതിഫലത്തിന് അർഹനാകുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

14. ഓരോ സംസ്ഥാനത്തിലും, നിയന്ത്രണാധികാരമുള്ള മുഖ്യ റവന്യൂ അധികാരിക്ക്, സമുചിതസർക്കാരിന്റെ സമ്മതത്തോടുകൂടി, ഈ ആക്ററിന് സംഗതമായി, താഴെ പറയുന്ന എല്ലാ സംഗതികളും അല്ലെങ്കിൽ അവയിൽ ഏതെങ്കിലും സംഗതി സംബന്ധിച്ച് ചട്ടങ്ങൾ അപ്പോഴപ്പോൾ ഉണ്ടാക്കാവുന്നതാണ്:—

(1) പെൻഷൻ കൊടുക്കുന്ന സ്ഥലവും സമയവും പെൻഷൻ ആർക്കാണ് കൊടുക്കുന്നത് എന്നും;

(2) അവകാശികളുടെ അനന്യത സംബന്ധിച്ച അന്വേഷണവിചാരണകൾ;

(3) പെൻഷൻ സംബന്ധമായി സൂക്ഷിക്കേണ്ട റിക്കാർഡുകൾ;

(4) അങ്ങനെയുള്ള റിക്കാർഡുകൾ അയച്ചുകൊടുക്കൽ;

(5) അങ്ങനെയുള്ള റിക്കാർഡുകളുടെ തിരുത്തൽ;

(6) പെൻഷൻകാർക്ക് സർട്ടിഫിക്കററുകൾ എല്പിച്ചുകൊടുക്കൽ;

(7) അങ്ങനെയുള്ള സർട്ടിഫിക്കററുകളുടെ രജിസ്ററുകൾ;

(8) സർക്കാർ കൊടുക്കേണ്ട പെൻഷന്റേയോ, പണമായോ ഭൂമിക്കരമായോ ഉള്ള ഗ്രാന്റിന്റേയോ പിൻതുടർച്ചാവകാശമോ ഭാഗഭാക്കാകാനുള്ള അവകാശമോ തേർച്ച ചെയ്യുന്ന ആളുകളെ, 6—ാം വകുപ്പിൻകീഴിൽ സിവിൽക്കോടതിയിലേയ്ക്ക് അയയ്ക്കൽ.

കൂടാതെ, പൊതുവെ, ഉദ്യോഗസ്ഥൻമാർക്ക് ഈ ആക്ററിൻകീഴിൽ മാർഗദർശനത്തിനായുള്ള ചട്ടങ്ങൾ.

അങ്ങനെയുള്ള എല്ലാ ചട്ടങ്ങളും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിൻമേൽ നിയമത്തിന്റെ പ്രഭാവം സിദ്ധിക്കുന്നതും ആകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരങ്ങൾ.

15. കേന്ദ്രസർക്കാരിനു ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ, അതിൽ ഏതെങ്കിലും വിഷയത്തിനോ, വ്യവസ്ഥചെയ്തുകൊണ്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(ക) 12ക. വകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്യേണ്ട രീതിയും ഫാറവും വിധവും ഇങ്ങനെ ചെയ്ത നാമനിർദ്ദേശം മറെറാരു നാമനിർദ്ദേശത്താൽ റദ്ദാക്കുവാനോ മാററുവാനോ ഉള്ള വിധവും രീതിയും ഫാറവും.

(ഖ) 12ക. വകുപ്പിന്റെ രണ്ടാം പരിമിതി വ്യവസ്ഥയുടെ ആവശ്യങ്ങൾക്കുവേണ്ടി അങ്ങിനെയുള്ള ഏതെങ്കിലും നാമനിർദ്ദേശത്തിൽ നിർദ്ദിഷ്ട നാമാവല്ലാത്ത മറെറാരു വ്യക്തിയെ, നിർദ്ദിഷ്ടനാമാവ് പെൻഷൻകാരനുമുമ്പ് മരിച്ചുപോവുകയാണെങ്കിൽ നിർദ്ദിഷ്ടനാമാവിന് കൊടുക്കേണ്ടതായ സംഖ്യകൾ അവകാശപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥകൾ ചെയ്യാനുള്ള രീതിയും.

16. കേന്ദ്രസർക്കാരിന്റെ സമ്മതത്തോടുകൂടി മുഖ്യ നിയന്ത്രണ റവന്യൂ അധികാരി 14-ാം വകുപ്പുപ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടവും കേന്ദ്രസർക്കാർ ഈ ആക്റ്റുപ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ സഭകളിലും ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വെക്കേണ്ടതും അതുപ്രകാരം വെക്കപ്പെടുന്ന സമ്മേളനമോ അതിനെ തൊട്ടു പിൻതുടരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പു ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തണമെന്നതിൽ യോജിക്കുകയോ അല്ലെങ്കിൻ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കാൻ പാടില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതുമാകുന്നു.

ചട്ടങ്ങൾ പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്

പട്ടിക— [റദ്ദാക്കപ്പെട്ടിരിക്കുന്നു]

C. RAMAN MENON,
*Additional Secretary to the Government of India.*